ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ആദ്യപടിയായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ സാംസ്കാരിക തനതു കലാരൂപങ്ങൾ പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. തനതു കലാരൂപങ്ങളുടെ സംരക്ഷണം, പ്രോത്സാഹനം എന്നിവ സാംസ്കാരിക വകുപ്പിൻ കീഴിലുള്ള ഫോക്‌ലോർ അക്കാദമി, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങൾ മുഖാന്തരം നടത്തി വരുന്നു.

തലശ്ശേരി കോട്ടയിൽനിന്ന് ലഭിച്ച പീരങ്കി സംരക്ഷിക്കാൻ നടപടി

100 (1536) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയിൽ നിന്ന് ലഭിച്ച നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി സർക്കാർ ഏറ്റെടുത്ത സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പീരങ്കികളുടെ സംരക്ഷണച്ചെലവിലേക്കായി തലശ്ശേരി പോർട്ട് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും 3 ലക്ഷം രൂപ ഡി.ഡി. ആയി ലഭിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത നടത്തുന്ന രാസസംരക്ഷണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് പീരങ്കികളുടെ രാസസംരക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കഞ്ചൻ സ്മാരകം

101 (1537) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലക്കിടി ഗ്രാമപഞ്ചായത്തിലെ കഞ്ചൻ സ്മാരകത്തിനായി ഈ സർക്കാർ എത്ര രൂക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) 1-7-2006 മുതൽ 31-3-2011 വരെയും 1-4-2011 മുതൽ 31-10-2014 വരെയുമുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുഞ്ഞൻ സ്മാരകത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ ;

(ഡി) കുഞ്ഞൻ സ്മാരകത്തിന്റെ വികസനത്തിനായി മുൻസർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ലക്കിടി കുഞ്ഞൻ സ്മാരകത്തിന് ഈ സർക്കാർ വന്നതിനുശേഷം 48,99,000 രൂപ അനുവദിച്ചു.

(ബി) 1-7-2006 മുതൽ 31-03-2011 വരെ

2006-07	1,65,000
2007-08	1,35,000
2008-09	21,25,000
2009-10	1,75,000
2010-11	13,25,000
ആകെ	39,25,000 രൂപ

1-4-2011 മുതൽ 31-10-2014 വരെ

2011-12	21,24,000
2012-13	16,75,000
2013-14	7,00,000
ആകെ	44,99,000

1-4-2014 മുതൽ 31-10-2014 വരെ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ വന്നതിനുശേഷം കുഞ്ഞൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കും 48,99,000 രൂപ അനുവദിച്ചു. ആയതിൽ 3 ലക്ഷം രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ജീവനക്കാരുടേയും അദ്ധ്യാപകരുടെയും ശമ്പളം, ഉള്ളൽ സ്കോളർഷിപ്പ്, കുഞ്ഞൻ ദിനം, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കായും ഈ തുക വിനിയോഗിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻ സർക്കാരിന്റെ കാലയളവിൽ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 39,25,000 രൂപ അനുവദിച്ചിരുന്നു. 2008-ൽ കേരള കലാമണ്ഡലവുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ച് കലാപീഠം പ്രവർത്തനം തുടങ്ങി. തുള്ളൽ, കർണ്ണാടക സംഗീതം, മോഹിനിയാട്ടം, മൃദംഗം എന്നീ കലാവിഷയങ്ങളിൽ ത്രിവൽസര പാർട്ട് ടൈം കോഴ്സുകൾ ആരംഭിച്ചു. ആയതിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകുന്നു. നാട്യശാല നിർമ്മിച്ചു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന ത്രിദളം ഡി.വി.ഡി. തയ്യാറാക്കി. സ്മാരകത്തിന്റെ വെബ്സൈറ്റ് നിലവിൽവന്നു.

കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണം

102 (1538) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണം കേരള കലാമണ്ഡലത്തിനെ ഏൽപ്പിച്ചത് എന്നാണ് ; നവീകരണ പ്രവർത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നവീകരണം എന്നേക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) നവീകരണ പ്രവർത്തനത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്ര രൂപയാണ് ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണത്തിനായി 4 ലക്ഷം രൂപ കലാമണ്ഡലത്തിന് മുൻകൂറായി 2014 ജനുവരി മാസത്തിൽ നൽകിയിട്ടുണ്ട്. കഥകളി രൂപങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഥകളി ചമയങ്ങളുടെ മരപ്പണികളും ആടയാഭരണ അലങ്കാരാദികളും പൂർത്തിയാക്കി വരുന്നു.

(ബി) നവീകരണ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്.

(സി) നവീകരണ പ്രവർത്തനത്തിന് 8 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly